**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1306** **10-10-2024 - ൽ മറുപടിയ്ക്ക്**

**വെൽനെസ് ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വെൽനെസ് ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ വെൽനസ് ടൂറിസത്തിന് പ്രാധാന്യം നൽകുന്നതിനുവേണ്ടി വിവിധ പ്രചരണ പരിപാടികൾ നടപ്പിലാക്കി വരുന്നു.<br><br>കേരള ടൂറിസം പങ്കെടുക്കുന്ന വിദേശ ആഭ്യന്തര ടൂറിസം ഫെയറുകളിൽ ആയുർവേദത്തെ പ്രത്യേക തീം ആയി എടുത്ത് സ്റ്റാളുകൾ ഒരുക്കാറുണ്ട്. കൂടാതെ ആയുർവേദത്തിന്റെ പ്രചരാണർത്ഥം പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കുകയും പ്രത്യേക വീഡിയോകൾ നിർമ്മിച്ച് സഞ്ചാരികൾക്കിടയിൽ പ്രചരണം നൽകുകയും ചെയ്തുവരുന്നു. ആയുർവേദ ടൂറിസം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് നൽകിവരുന്ന ക്ലാസ്സിഫിക്കേഷനുകളിൽ ആയുർവേദ സെന്ററും ഉൾപ്പെടുന്നു.<br><br>ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന B2B Meet -കളിലും ഒരു മെഡിക്കൽ ടൂറിസം പ്രൊഡക്ട് എന്ന നിലയിൽ ആയുർവേദത്തെ പരിചയപ്പെടുത്തുന്നുണ്ട്. വകുപ്പ് ആസൂത്രണം ചെയ്യുന്ന എല്ലാ പ്രധാനപ്പെട്ട മാർക്കറ്റിംഗ് പ്രവർത്തനങ്ങളിലും മെഡിക്കൽ ടൂറിസം വികസനം കൂടി ലക്ഷ്യമിട്ടുകൊണ്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തുന്നതാണ്. |
| (ബി) | ഈ മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് വിനോദ സഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് (TIM) ന്റെ ആദ്യ പതിപ്പ് 2023 നവംബർ 16 ന് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ വച്ച് സംഘടിപ്പിച്ചു. സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിന് ശക്തമായ പിന്തുണ നൽകുവാൻ ടൂറിസം നിക്ഷേപക സംഗമത്തിന് സാധിച്ചിട്ടുണ്ട് . ഇത്തരം |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ വഴി ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപകർക്ക് പ്രോത്സാഹനം ഉറപ്പാക്കുകയും നൂതന ടൂറിസം പദ്ധതികൾ വിഭാവനം ചെയ്യുവാനും അതുവഴി സുസ്ഥിരമായ വികസനം സാധ്യമാകുന്നതുമാണ്. |
| (സി) | വെൽനെസ്സ് കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ? | (സി) | വെൽനസ് ടൂറിസത്തിന്റെ ഭാഗമായി കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് പുനരുജ്ജീവന ചികിത്സാരീതികൾ ഉൾപ്പെടെയുള്ള ആയുർവേദ ചികിത്സാപാക്കേജുകൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ